# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3468.

11-12-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹനം

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്റ്റിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഇതിനു പുറമെ വയനാട് പാക്കേജിലെ ഒരു ഘടകമായി ജില്ലയിലെ സുഗന്ധ നെല്ലിനങ്ങളുടെ വികസനത്തിനുള്ള പദ്ധതിയും, പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br>നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിരനെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5500 രൂപയും, സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10000 രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10000 രൂപയും കരനെൽ കൃഷിക്ക് 13600 രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണ് ധനസഹായം നൽകുന്നത്. ഇതിനു പുറമെ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.<br>2017-18 സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | | | ബ്ലോക്കുതല സംയോജനത്തിനും റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയധിഷ്ഠിത ധനസഹായം നൽകിയിരുന്നു.<br>രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പദ്ധതിപ്രകാരം ഹെക്ടറൊന്നിന് പരമാവധി 4500 രൂപയുടെ ധനസഹായം നൽകും.<br>ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000 രൂപ ധനസഹായം നൽകും. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10000 രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000 രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലായ അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000 രൂപയും ലഭിക്കും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്നു തളിക്കുന്നതിനുള്ള സാധാരണ സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3000 രൂപയും വിന്നോവറിന് 10000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10000 രൂപ സബ്സിഡി നൽകും.<br>സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാനസൗകര്യവികസന പദ്ധതികളും നടപ്പിലാക്കുന്നു. കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിനു കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ സ്കീമും (എസ്.എം.എ.എം) നിലവിൽ ഉണ്ട്. |
| (ബി) | ഇതിന്റെ ഫലമായി നെല്ലുല്പാദനം വർദ്ധിച്ചിട്ടുണ്ടോ? | (ബി) | ഉണ്ട്. വിസ്തൃതി വർദ്ധിക്കുന്നതിനു ആനുപാതികമായി ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയിൽ നിന്നും 549275 ടൺ അരി ഉല്പാദിപ്പിച്ച സ്ഥാനത്ത് 2017-18 സാമ്പത്തിക വർഷം 220449 ഹെക്ടർ നെൽ കൃഷിയും 617260 ടൺ അരി ഉല്പാദനവും ഉണ്ടായതായി കൃഷി വകുപ്പ് കണക്കാക്കുന്നു. 2017-18 വർഷം 224000 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിൽ നിന്നും 650000 ടൺ അരി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | നെല്ലിന് ഇപ്പോൾ നൽകി വരുന്ന സംഭരണ വില എത്രയാണ്;ഇത് വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പിൽ നിന്നും നടപടി സ്വീകരിക്കുമോ? | (സി) | കേന്ദ്രസർക്കാർ നെല്ലിന്റെ അടിസ്ഥാന താങ്ങുവില കിലോഗ്രാമിനു 15 രൂപ 50 പൈസയിൽ നിന്നും 17 രൂപ 50 പൈസയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ 2018-19 സീസൺ മുതൽ സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിനു 25 രൂപ 30 പൈസയായി വർദ്ധിപ്പിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 410/2018/ഭ.പൊ.വി.വ. തീയതി 13/08/2018)) സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസ്സ് കിലോഗ്രാമിനു 7 രൂപ 80 പൈസയാണ്. |

സെക്ഷൻ ഓഫീസർ